**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.153/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,**20/01/2021**

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച 16/01/2021 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ലൈഫ് മിഷൻ നേരിട്ടും വിവിധ വകുപ്പുകൾ മുഖേനയും നിർമ്മിച്ച രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ജനുവരി 28 വ്യാഴാഴ്ച ബഹു. മുഖ്യമന്ത്രി ഓൺലൈനായി നടത്തുന്നതിനും അതോടനുബന്ധിച്ച് തദ്ദേശസ്ഥാപന തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിന് ലൈഫ് മിഷൻ ലൈഫ് മിഷൻ ഫണ്ടിൽ നിന്നും , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ലൈഫ് മിഷൻ നേരിട്ടും വിവിധ വകുപ്പുകൾ മുഖേനയും നിർമ്മിച്ച രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ജനുവരി 2 8 വ്യാഴാഴ്ച ബഹു. മുഖ്യമന്ത്രി ഓൺലൈനായി നടത്തുന്നതിനും അതോടനുബന്ധിച്ച് തദ്ദേശസ്ഥാപന തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടിൽ നിന്നും ചുവടെ പറയും പ്രകാരം തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്രാമപഞ്ചായത്ത് - പരമാവധി 25,000 രൂപ

ബ്ലോക്ക് പഞ്ചായത്ത് - പരമാവധി 10,000 രൂപ

ജില്ലാ പഞ്ചായത്ത് - പരമാവധി 10,000 രൂപ

മുനിസിപ്പാലിറ്റി - പരമാവധി 30,000 രൂപ

കോർപ്പറേഷൻ - പരമാവധി 50,000 രൂപ

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2021.01.20 13:42:38 IST
Reason: Approved